I ഇ.ബി. XIV - കേരള നിയമസഭ /XI-7

**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 12, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I **അടിയന്തരപ്രമേയം**

### പ്ലസ് വൺ, ഡിഗ്രി സീറ്റുകളിലെ കുറവ്

മി. സ്പീക്കർ: മലബാർ പ്രദേശത്ത് പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ പ്ലസ് വൺ, ഡിഗ്രി സീറ്റുകളിലെ കുറവ് കാരണം എസ്.എസ്.എൽ.സി.യും ഹയർസെക്കണ്ടറിയും പാസ്സായ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.എൻ.എ. ഖാദർ, സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ

50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): എല്ലാ മേഖലകളിലും കൃത്യമായ ആസൂത്രണത്തോടെ മുന്നോട്ടുപോകുന്നതുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വിജയശതമാനം വർദ്ധിച്ചെങ്കിലും എസ്.എസ്.എൽ.സി.ക്ക് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം പാസ്സായ കുട്ടികൾ കുറവാണ്. സംസ്ഥാനത്തെ മൊത്തം പ്ലസ് വൺ സീറ്റുകളോടൊപ്പം പോളിടെക്നിക്, ഐ.ടി.ഐ. സീറ്റുകളുടെ എണ്ണംകൂടി കൂട്ടിച്ചേർക്കുമ്പോൾ അത് എസ്.എസ്.എൽ.സി. പാസ്സായ ആകെ കുട്ടികളുടെ എണ്ണത്തിന് തുല്യമോ കൂടുതലോ ആണ്. കഴിഞ്ഞ വർഷം സംസ്ഥാനത്തൊട്ടാകെ നാല്പത്തിരണ്ടായിരത്തോളം പ്ലസ് വൺ സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നതിനാൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ട സാഹചര്യം വരുന്നില്ല. ഹയർ സെക്കണ്ടറി മേഖലയിൽ ഓരോ പ്രദേശത്തുമുള്ള ആവശ്യത്തിനനുസരിച്ച് മുൻകാലങ്ങളിൽ സീറ്റുകളും ബാച്ചും കൃത്യമായി അനുവദിക്കുന്നതിലുണ്ടായ വീഴ്ചയാണ് മലപ്പുറം ജില്ലയുടെ കാര്യത്തിലുണ്ടായിട്ടുള്ളത്. പ്ലസ് വൺ പ്രവേശനത്തിന് സീറ്റില്ലാത്ത സാഹചര്യം ഒരു ജില്ലയിലും ഉണ്ടാകാത്ത രീതിയിൽ പ്രശ്നം പരിഹരിക്കുന്നതിനാണ് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. ഇതര ജില്ലകളിലേയ്ക്കും പ്ലസ് വൺ പ്രവേശനത്തിന് കുട്ടികൾ അപേക്ഷ

നൽകിയിട്ടുള്ളതിനാൽ അപേക്ഷകളുടെ എണ്ണം പരിശോധിച്ച് നിലവിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. പ്ലസ് വൺ സീറ്റുകളുടെ സെക്കന്റ് അലോട്ട്മെന്റിനുശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ ശാസ്ത്രീയമായി ക്രമീകരിച്ച് പ്രശ്നം പരിഹരിക്കുന്നതാണ്. പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷൻ കഴിഞ്ഞാൽ മാത്രമേ ഡിഗ്രി കോഴ്സുകളുടെ സീറ്റുകളുടെ എണ്ണത്തിൽ കുറവുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കൂ. പ്ലസ് വൺ അലോട്ട്മെന്റ് പൂർത്തിയാകാതെ സീറ്റുകളുടെ കുറവ് പരിശോധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: എല്ലാ ജില്ലകളുടെയും കണക്കുകൾ പരിശോധിച്ചാൽ എസ്.എസ്.എൽ.സി. പാസ്സായി വരുന്ന കുട്ടികൾക്ക് പ്ലസ് വൺ-ന് അഡ്മിഷൻ കൊടുക്കാനുള്ള സീറ്റുകൾ സംസ്ഥാനത്ത് കുറവാണ്. കോളേജുകളിലും സ്കൂളുകളിലും സീറ്റ് കിട്ടാത്ത കുട്ടികൾക്ക് പഠിക്കാനുള്ള ഓപ്പൺ സംവിധാനമാണ് 'സ്കൂൾ കേരള'. ഈ സംവിധാനത്തിൽ മലപ്പുറത്തു നിന്നുമാത്രം 21000 വിദ്യാർത്ഥികൾക്കാണ് കഴിഞ്ഞ വർഷം അഡ്മിഷൻ ലഭിച്ചത്. സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പലതും അൺഎയ്ഡഡ് മേഖലയിലാണ്. 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചെങ്കിലും അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ അതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. ബാച്ചുകൾ അനുവദിച്ചാൽ മാത്രമേ പ്രശ്നത്തിന്

പരിഹാരമാകുകയുള്ളൂ. ഒന്ന് മുതൽ പത്താംക്ലാസ് വരെ ലയനം കൊണ്ടുവന്നതുകൊണ്ട് പ്ലസ് വൺ-ന് അഡ്മിഷൻ കൊടുക്കേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനാണ് ശ്രമിക്കേണ്ടത്. Right to Education Act അനുസരിച്ച് 1 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നിർബന്ധമാണ്. തുടർവിദ്യാഭ്യാസത്തിനും ഇത് അനിവാര്യമാണ്. സർവ്വകലാശാലകളിലും ഇതുപോലുള്ള ഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പത്താം ക്ലാസ് പഠനം കഴിഞ്ഞ് ഗൾഫിൽനിന്നും വരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണം. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പാസ്സായ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനുള്ള സാഹചര്യം സംസ്ഥാനത്ത് ഉറപ്പുവരുത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സെക്കന്റ് അലോട്ട്മെന്റ് കഴിയുമ്പോൾ സംസ്ഥാനത്ത് സീറ്റുകൾ കുറവുള്ളതിന്റെ കണക്ക് ലഭിക്കുന്നതനുസരിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കേരളത്തിൽ പത്താം ക്ലാസ് പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മലപ്പുറത്തെ

കാര്യം പ്രത്യേകം പരിശോധിക്കാം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മലപ്പുറം ജില്ല ഉൾപ്പെടെയുള്ള വടക്കൻ ജില്ലകളിൽ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും അഡ്മിഷൻ ലഭിക്കാറില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ചില ജില്ലകളിൽ സീറ്റുകൾ അധികമുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് പ്ലസ് വൺ സീറ്റുകളുടെ കാര്യത്തിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു. പ്രായോഗികമായ സമീപനം സ്വീകരിച്ചുകൊണ്ട് അഡ്മിഷൻ കിട്ടത്തക്ക നിലയിലുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ഘട്ടംഘട്ടമായി പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. അസന്തുലിതാവസ്ഥ കുറച്ചുകൊണ്ടുവരുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ പ്ലസ് വൺ സീറ്റുകളിലെ അസന്തുലിതാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. ജനസംഖ്യാ വ്യതിയാനവും കുട്ടികൾ നിശ്ചിത കോഴ്സുകൾ തെരഞ്ഞെടുക്കുന്നതുകൊണ്ടുമാണ് സീറ്റുകളുടെ ഒഴിവ് തെക്കൻ ജില്ലകളിലുണ്ടാകുന്നത്. മുഖ്യമന്ത്രിയുടെ നിലപാട് സ്വാഗതാർഹമാണ്. നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത്

യാഥാർത്ഥ്യബോധത്തോടുകൂടി  അടിയന്തരമായ ഇടപെടൽ ഉണ്ടാകണം.

## II ശ്രദ്ധക്ഷണിക്കൽ

(1) അൺ എയ്ഡഡ് മേഖലയിലെ ചൂഷണം

ശ്രീ. പി. കെ. ശശി: സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ലക്ഷങ്ങൾ ബോണ്ടായി വാങ്ങി ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും ദീർഘനാളത്തെ സേവന കാലയളവുമുള്ള അദ്ധ്യാപകർക്കും ജീവനക്കാർക്കും തുച്ഛമായ വേതനമാണ് നൽകുന്നത്. സമഗ്രമായ നിയമനിർമ്മാണം നടപ്പാകുന്നതുവരെ സി.ബി.എസ്.ഇ. സ്കൂളുകളിൽ നിശ്ചിത നിരക്കിലുള്ള ശമ്പളം നൽകണമെന്ന ഹൈക്കോടതി വിധി നടപ്പാക്കിയിട്ടില്ല. സ്റ്റേറ്റ് സിലബസ് സ്കൂളുകൾ പൂർണ്ണമായും അവഗണനയിലാണ്. പി.എഫ്. കോൺട്രിബ്യൂഷന്റെ മുഴുവൻ വിഹിതവും അദ്ധ്യാപകർ നൽകേണ്ട സ്ഥിതിവിശേഷം ദയനീയമാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിക്കണം. അദ്ധ്യാപകർക്കും ജീവനക്കാർക്കും മിനിമം വേതനം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കണം. ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള തൊഴിൽ നിയമങ്ങളും നിയന്ത്രണങ്ങളും അൺ-എയ്ഡഡ് മേഖലയ്ക്കുകൂടി ബാധകമാക്കണം. അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് സുരക്ഷിതത്വവും മാന്യമായ വേതനവും മറ്റാനുകൂല്യങ്ങളും ഉറപ്പുവരുത്താൻ കഴിയുന്ന കരട് ബിൽ നിയമമാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും പുതിയ നിയമനിർമ്മാണം നടത്തുന്നതിനുമായി തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻസ്' എന്ന ബില്ലിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(2) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

ശ്രീ. എൻ. ഷംസുദ്ദീൻ: ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുള്ള കഴിഞ്ഞ സർക്കാരിന്റെ തീരുമാനം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. 300-ഓളം സ്കൂളുകളിലായി പതിനായിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റേയും തൊഴിലിന്റേയും കാര്യത്തിൽ ക്രിയാത്മകമായ ഇടപെടലുണ്ടാകണം. ഈ മേഖലയിൽ ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളെക്കാൾ കേരളം പിന്നിലാണ്. സംസ്ഥാനത്ത് സൗജന്യ പ്രാഥമിക വിദ്യാഭ്യാസം നിലനിൽക്കെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഫീസ് നൽകി പഠിക്കുന്നത് അനീതിയാണ്. 2016-ലെ

സർക്കാർ ഉത്തരവ് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർക്കാർ മേഖലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി 43 സ്പെഷ്യൽ സ്കൂളുകളും ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കായി ഒരു സ്കൂളും മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ സ്കൂളുകൾക്ക് 2017-18-ൽ 16.96 കോടി രൂപ സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന 296 സ്പെഷ്യൽ സ്കൂളുകളിൽ ഓട്ടിസം, സെറിബ്രൽ പാൾസി ബാധിതരായ ഇരുപത്തെണ്ണായിരം കുട്ടികൾ പഠിക്കുന്നുണ്ട്. 2018-19 വർഷത്തെ ബഡ്ജറ്റിൽ സ്പെഷ്യൽ സ്കൂളുകളുടെ ശാക്തീകരണത്തിനായുള്ള ധനസഹായം നാല്പത് കോടി രൂപയായി ഉയർത്തുകയും വിവിധ വകുപ്പുകൾവഴി ഭിന്നശേഷിക്കാർക്കായി നടത്തുന്ന പദ്ധതികൾക്ക് 289 കോടി രൂപ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച സമഗ്ര പാക്കേജ് സർക്കാർ അംഗീകരിക്കുന്നതോടുകൂടി ഈ വിഷയങ്ങളിൽ പരിഹാരമുണ്ടാകുന്നതാണ്. കുട്ടികളുടെ എണ്ണം നോക്കി എയ്ഡഡ് പദവി നൽകിയതുകൊണ്ടുമാത്രം പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ നേരിടുന്നത്. കഴിയുന്നിടത്തോളം കുട്ടികളെ പൊതുവിദ്യാലയത്തിൽ പഠിപ്പിക്കണമെന്നും പ്രത്യേക പരിഗണന വേണ്ട കുട്ടികളെ മാത്രം സ്പെഷ്യൽ സ്കൂളുകളിൽ ചേർക്കണമെന്നുമുള്ളതാണ് സർക്കാരിന്റെ

സമീപനം. സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്നതിനുപകരം ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## III സബ്മിഷൻ

### (1) പോലീസ് മർദ്ദനം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): എടത്തലയിൽ പോലീസ് മർദ്ദനത്തിനിരയായ ഉസ്മാന്റെ ചികിത്സാ ചെലവ് സർക്കാർ ഏറ്റെടുക്കുകയും ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജൂൺ 5-ാം തീയതി എടത്തലയിൽ പോലീസ് സഞ്ചരിച്ചിരുന്ന വാഹനം സ്വകാര്യ വാഹനത്തിൽ തട്ടിയതുമൂലമുണ്ടായ പ്രശ്നത്തിൽ ഉസ്മാൻ ഇടപെടുകയും പോലീസ് ഡ്രൈവറെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതിനാൽ ഉസ്മാനെ പ്രതിയാക്കിയും ഉസ്മാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മൂന്ന് പോലീസുകാർക്കെതിരെയും വിവിധ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കോടതിയുടെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഉസ്മാന്റെ മൊഴി രേഖപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. ഉസ്മാനെ മർദ്ദിച്ചെന്ന ആരോപണത്തിന് വിധേയരായ പോലീസുകാരെ തീവ്രപരിശീലനത്തിനയയ്ക്കുകയും വകുപ്പുതല അന്വേഷണത്തിന്

നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(2) പിറവം പള്ളിയിലെ പ്രശ്നങ്ങൾ

(പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എൽദോ എബ്രഹാം എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. അനൂപ് ജേക്കബ്: പിറവം പള്ളി ഉൾപ്പെടെയുള്ള വിവിധ ദേവാലയങ്ങളിലെ യാക്കോബായ-ഓർത്തഡോക്സ് സഭാനേതൃത്വങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: എറണാകുളം ജില്ലയിലെ വിവിധ നിയോജകമണ്ഡലങ്ങളിലെ സഭാനേതൃത്വങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എൽദോ എബ്രഹാം: എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിലുള്ള പള്ളികളിലെ ഇരുസഭാ നേതൃത്വങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ സർക്കാർ ഗൗരവമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം ജില്ലയിൽ മലങ്കര സഭയുടെ ദേവാലയമായ പിറവം രാജാധിരാജ സെന്റ് മേരീസ് യാക്കോബായ കത്തീഡ്രലിന്റെ അധീനതയിലുള്ള യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളുടെ പള്ളികളുമായി ബന്ധപ്പെട്ട തർക്കത്തിന്മേലുള്ള സുപ്രീം കോടതി വിധി പിറവം പള്ളിക്ക് ബാധകമാകുകയും ആയത് നടപ്പാക്കുന്നതിന് ഉത്തരവ്

പുറപ്പെട്ടുവിക്കുകയും ചെയ്തിട്ടുണ്ട്. അന്നേ ദിവസം പിറവം ടൗണിൽ ഇരുവിഭാഗങ്ങളുമായി ഉണ്ടായ ഏറ്റുമുട്ടലിന് പോലീസ് കേസ്സെടുക്കുകയും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ഇരുവിഭാഗങ്ങളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി വിധിയുടെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഇരുവിഭാഗം സഭാമേധാവികളും പ്രശ്നപരിഹാരത്തിനായി സർക്കാരിനെ സമീപിക്കുകയും വിഷയം ചർച്ച ചെയ്ത് പരിഹരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(3) കാലവർഷക്കെടുതി

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാലവർഷക്കെടുതിയിൽ നഷ്ടം സംഭവിച്ചവർക്ക് അടിയന്തരമായി നഷ്ടപരിഹാരവും സൗജന്യ റേഷനും നൽകുന്നതിനും പുനരധിവാസ പദ്ധതി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: കാലവർഷക്കെടുതിയിൽ വീടുകൾ ഉൾപ്പെടെ നഷ്ടം സംഭവിച്ചവർക്ക് സൗജന്യ റേഷനും ധനസഹായവും നൽകുന്നതിനും വനമേഖലയിലുണ്ടായ കെടുതി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാരിന്റെ നോംസിൽ മാറ്റം വരുത്തിയത് കേരളത്തെ പ്രതികൂലമായി ബാധിച്ച സാഹചര്യത്തിൽ നിലവിലുള്ള നോംസ് പ്രകാരം ജില്ലകൾക്ക് അടിയന്തര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കാലവർഷക്കെടുതിയിൽ മരങ്ങൾ വീണ് വീടുകൾക്ക് കേടുപാടുണ്ടാകുകയും കൃഷിനാശം സംഭവിക്കുകയും ചെയ്തതിന്റെ നഷ്ടം കണക്കാക്കി അടിയന്തര ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റാന്നി നിയോജകമണ്ഡലത്തിൽ മഴയോടൊപ്പമുണ്ടായ ശക്തമായ കാറ്റിൽ വൈദ്യുതി മേഖലയിലുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും വൈദ്യുതി വിതരണം ഭാഗികമായി പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം ധനസഹായം നൽകാൻ തീരുമാനിക്കുകയും കൃഷിനാശം സംഭവിച്ച കർഷകരുടെ സ്ഥലപരിശോധന നടത്തി ക്ലെയിമുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് 4 ലക്ഷം രൂപ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ക്രോപ് ഇൻഷ്വറൻസിൽ പ്രീമിയം തുക വർദ്ധിപ്പിക്കാതെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പ് വ്യാപകമായി പ്രചരണം നടത്തിയിട്ടും കർഷകർ ഇൻഷ്വർ ചെയ്യാത്തതുകൊണ്ടാണ് നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കാത്തത്. ഇന്ത്യയിൽ ഏറ്റവുമധികം ഇൻഷ്വറൻസ് തുക കൊടുക്കുന്ന സംസ്ഥാനം കേരളമാണ്.

## (4) സേവന വേതന വ്യവസ്ഥകൾ

ശ്രീ. ചിറ്റയം ഗോപകുമാർ: കാഷ്വൽ സ്വീപ്പർമാരെ 10,000/- രൂപ ശമ്പള സ്കെയിലിൽ പാർട്ട്ടൈം സ്വീപ്പർമാരായി നിയമിക്കാനും ഡി.എ. അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർക്കാർ അനുമതിയോടെയല്ലാതെ നിയോഗിക്കുന്ന കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർമാരായി നിയമിക്കാൻ വ്യവസ്ഥയില്ല. സ്വീപ്പിംഗ് ഏരിയ 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ളതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ സർക്കാർ ഓഫീസുകളിൽ പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തുന്നതിന് തടസ്സമില്ല. കാഷ്വൽ സ്വീപ്പർമാരുടെ വേതനം കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിൽ 6,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിനിമം വേതനം 600/-

രൂപയാക്കുന്നത് സംബന്ധിച്ച് അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനിൽ പരിശോധിക്കാവുന്നതാണ്.

(5) ആസ്തി വികസന ഫണ്ട്

ശ്രീ. പി. ടി. എ. റഹീം: സൊസൈറ്റികളുടെ ഉടമസ്ഥതയിലുള്ള ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നത് നിർത്തലാക്കിയ നടപടി പുനഃസ്ഥാപിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മൂലധന സ്വഭാവമുള്ള ആസ്തികളുടെ നിർമ്മിതിക്കാണ് ആസ്തി വികസന പദ്ധതി രൂപീകരിച്ചത്. അത് സർക്കാരിന്റെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലായിരിക്കണമെന്ന് പുതുക്കിയ ഉത്തരവിലും നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. സ്വകാര്യ വ്യക്തികളുടെയോ സൊസൈറ്റികളുടെയോ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി ആസ്തി വികസന ഫണ്ട് അനുവദിക്കുന്നതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നത് തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയില്ല. എന്നാൽ എം.എൽ.എ. ഫണ്ട് അതിനായി ഉപയോഗിക്കാവുന്നതാണ്.

(6) <u>കാർഷിക ലോൺ സർക്കാർ ഏറ്റെടുക്കൽ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട് ചെറുകിട കർഷകരുടെ കാർഷിക കടങ്ങൾ കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാനും ജപ്തി നടപടികൾ നിർത്തിവച്ച് കർഷകരെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): വയനാട് ജില്ലയിലെ സഹകരണ ബാങ്കുകളിൽ നിന്നെടുത്തിട്ടുള്ള 2014 വരെയുള്ള എല്ലാ കാർഷിക കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ട്. മറ്റ് ബാങ്കുകളുടെ കാര്യത്തിൽ നിയമപ്രകാരം ഗവൺമെന്റിന് ഇടപെടാൻ കഴിയില്ല. സഹകരണ ബാങ്കുകൾ തന്നിരിക്കുന്ന കണക്കുപ്രകാരം കാർഷിക വായ്പയായി നൽകിയ 66061 കോടി രൂപയിൽ 16284 കോടി രൂപ കിസാൻ ക്രെഡിറ്റ് മുഖേന വിതരണം ചെയ്തിട്ടുള്ളതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. വയനാട്ടിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(7) സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം പുരാവസ്തു വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. സ്വരാജ്: സംസ്ഥാനത്ത് വസ്ത്ര-സ്വർണ്ണ വ്യാപാര ശാലകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): വസ്ത്ര വ്യാപാരശാലകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിലിടങ്ങളിൽ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിവരുന്നു. ജീവനക്കാർക്ക് ആവശ്യമായ വിശ്രമ സ്ഥലവും

സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ടോയ്‌ലറ്റ് സംവിധാനവും ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരുപതിൽ കൂടുതൽ സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യവും സ്ത്രീ/പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസ സൗകര്യവും നൽകണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 21-12-2016-ലെ വിജ്ഞാപന പ്രകാരം ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അസംഘടിത മേഖലയിൽ മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി വേതന സുരക്ഷാ പദ്ധതിയും തൊഴിൽ അന്തരീക്ഷവും തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളും കണക്കിലെടുത്ത് സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തി തൊഴിലാളികളുടെ സേവന ഘടന മെച്ചപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നത് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (9) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണത്തിൽ കരാർ പ്രകാരം ചെയ്യേണ്ട ജോലികൾ മില്ലുടമകൾ തന്നെ നിർവ്വഹിക്കുന്നതിന് നടപടി

സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): കേന്ദ്ര വികേന്ദ്രീകരണ ധാന്യ സംഭരണ പദ്ധതി പ്രകാരം കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് മാനദണ്ഡങ്ങൾക്കനുസൃതമായി ഏറ്റെടുത്ത് സംസ്കരിച്ച് പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രവർത്തിക്കുന്നു. കരാർ പ്രകാരം നെല്ല് സംഭരിക്കുന്നതിനുള്ള ചണച്ചാക്കുകൾ നൽകുന്നതിനും തൂക്കം പരിശോധിക്കുന്നതിനും ലോഡിംഗിനും ട്രാൻസ്പോർട്ടേഷനും ആവശ്യമായി വരുന്ന ചെലവുകൾ മില്ലുടമകൾ തന്നെ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കർഷകരിൽനിന്ന് നെല്ല് ഏറ്റെടുക്കുന്നത് മുതൽ സംസ്കരിച്ച് അരിയാക്കി വിതരണ യോഗ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾക്ക് പ്രോസസിംഗ് ചാർജായി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ മില്ലുടമകൾക്ക് നൽകുന്നുണ്ട്. നെല്ല് ലോറിയിൽ കയറ്റുന്നതിന് കർഷകർക്ക് 12 രൂപ കൃത്യമായി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. മില്ലുടമകളുടെ ഉത്തരവാദിത്തം കൃഷിക്കാരെക്കൊണ്ട് നിർവ്വഹിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി തൃശ്ശൂരിൽ ഒരു യോഗം വിളിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മില്ലുടമകൾ കൃഷിക്കാരിൽ നിന്ന് കൃത്യസമയത്ത് നെല്ല് എടുക്കാത്തതിനാലാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കാൻ സാധിച്ചാൽ പ്രശ്നം പരിഹരിക്കാൻ സാധിക്കും.

(10) ഭരണസമിതി തെരഞ്ഞെടുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: മാൽക്കോടെക്സിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 1997-ൽ പ്രവർത്തനം ആരംഭിച്ച മാൽക്കോടെക്സിന്റെ ഓഹരി മൂലധനത്തിന്റെ 95 ശതമാനവും സർക്കാർ വിഹിതമാണ്. നിലവിലുണ്ടായിരുന്ന ഭരണസമിതി വ്യാപകമായ സാമ്പത്തിക ക്രമക്കേട് നടത്തിയതിനാലും പൊതുതെരഞ്ഞെടുപ്പിനെ നേരിടാൻ ഭരണസമിതി അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാലും കഴിഞ്ഞ സർക്കാർ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ചുമതല നൽകി. സാമ്പത്തിക ക്രമക്കേടുകൾക്കും മറ്റ് നിയമപരമല്ലാത്ത നടപടികൾക്കുമെതിരെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയുണ്ടായി. ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രയാസങ്ങൾ നേരിട്ടതിനാൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 17-08-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചുനൽകി. മാൽക്കോടെക്സിന്റെ കുറ്റമറ്റ പ്രവർത്തനത്തിന് വിശദമായ പരിശോധന നടത്തി

അനുയോജ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി III-ന്റെ 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന കാര്യവിവരപ്പട്ടികയിൽ നിന്ന് ഒഴിവാക്കി.)

## VI ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞ രണ്ട് വർഷക്കാലത്തെ വികസന പ്രവർത്തനങ്ങളിലൂടെ സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയതിലൂടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെയാകെ ഭീതിയിലാഴ്ത്തിയ 'നിപ' വൈറസ് ബാധയ്ക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കുറ്റമറ്റരീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും വിവിധ വകുപ്പുകളിൽ വ്യത്യസ്തങ്ങളായ പദ്ധതികളും വികസന-ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കാനും അതിന്റെ ഗുണഫലങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കാനും സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

ജനങ്ങളുടെ വിശ്വാസം പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിലുള്ള ഫലപ്രദമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. അനിൽ അക്കര: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ നാലര ലക്ഷത്തോളം ഭവനരഹിതർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. നഗര-ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ ഭൂവുടമകൾക്ക് ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ ഒരുപോലെ ബാധകമാകുന്ന വിധത്തിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് പരിശോധിക്കണം. ലൈഫ് പാർപ്പിട പദ്ധതിയിൽ ഉൾപ്പെടാത്തവരെ കാറ്റഗറി നിശ്ചയിച്ചും പട്ടികജാതി വിഭാഗത്തിലെ അർഹതപ്പെട്ടവർക്കും വീട് നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കണം. പട്ടയമില്ലാത്തവർക്ക് പട്ടയം നൽകുന്നതിനും അർഹരായവരെ മുഴുവൻ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിശ്ശിക അടക്കം കൊടുത്തുതീർക്കുന്നതിനും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെ വിനോദ നികുതി/പരസ്യ നികുതി ഇനത്തിൽ ഓരോ വർഷവും സർക്കാർ നൽകാനുള്ള തുക നൽകാനും നടപടിയുണ്ടാകണം. ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കുന്നതിനും ഫ്ലഡ് വർക്കിന് അനുവദിക്കുന്ന തുക ആസ്തി വികസന ഫണ്ടിന്റെ മാതൃകയിൽ നൽകുന്നതിനും സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിക്കുന്നതിനും വെളിച്ചെണ്ണയ്ക്കും പാലിനും ഉല്പാദന ബോണസ്

അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുമുന്നണിയുടെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഓരോന്നായി നിറവേറ്റാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ, കാർഷികം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പുത്തനുണർവ് ശ്രദ്ധേയമാണ്. കെട്ടിക്കിടന്ന പട്ടയക്കേസുകളിൽ തീർപ്പ് കൽപ്പിക്കാനും പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാനും പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കാനും സാധിച്ചത് ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. മുൻ സർക്കാരിന്റെ പരിസ്ഥിതി വിരുദ്ധവും ജനവിരുദ്ധവുമായ ഉത്തരവുകൾ പുനഃപരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിച്ചു. കയർ മേഖലയിൽ സമൂല മാറ്റം വരുത്താനും നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചതും ആശാവഹമാണ്. മത്സ്യത്തൊഴിലാളികളുടെയും കടൽത്തീരത്ത് താമസിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെയും വീടിനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയുന്ന തരത്തിൽ ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതി പിരിവുൾപ്പെടെയുള്ള

വിഭവസമാഹരണത്തിൽ വഹിക്കുന്ന പങ്ക് നിസ്തുലമാണ്.

ശ്രീ. സജി ചെറിയാൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിരഹിതവും വികസനോന്മുഖവുമായ നവകേരളം സൃഷ്ടിക്കാനുള്ള ജനകീയ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ലൈഫ് മിഷൻ, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിത കേരളം എന്നീ പദ്ധതികൾ സർക്കാരിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. പരമ്പരാഗത വ്യവസായ മേഖലയേയും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളേയും സംരക്ഷിക്കാനുള്ള സർക്കാർ നടപടി പ്രശംസാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് കോളനി നവീകരണത്തിലൂടെ ഭൂമിയും വീടും ഉറപ്പുവരുത്താൻ സാധിച്ചു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടേയും പെൻഷൻകാരുടേയും പ്രശ്നപരിഹാരം, 'നിപ' പ്രതിരോധ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിന്റെ അഴിമതിരഹിത പ്രവർത്തനം, രജിസ്ട്രേഷൻ മേഖലയിലെ മുന്നേറ്റം, ജൈവകൃഷി പരിപാലനം, ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത, ക്രമസമാധാന രംഗത്ത് മികച്ച സംസ്ഥാനമെന്ന പുരസ്കാരം, പ്രവാസികളുടെ ക്ഷേമത്തിനായി ലോക കേരള സഭ, തണ്ണീർത്തട സംരക്ഷണ നിയമം ശക്തിപ്പെടുത്തൽ, ജനകീയാസൂത്രണത്തിന്റെ കാര്യക്ഷമമായ നടത്തിപ്പ് എന്നിവ കേരളത്തിന്റെ വികസന മുന്നേറ്റത്തിന് തുടക്കം കുറിച്ചവയാണ്. ഈ സർക്കാർ നടത്തിയ വികസന

പ്രവർത്തനങ്ങൾക്കുള്ള പിന്തുണയാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് വിജയം.

ശ്രീ. എൻ. ഷംസുദ്ദീൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ രണ്ട് വർഷത്തെ പ്രവർത്തനം നിരാശാജനകമാണ്. മുൻ സർക്കാരിന്റെ വികസന പദ്ധതികളിലൊന്നായ ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട പോലീസ് സേനയിലെ രാഷ്ട്രീയവത്കരണം കേരളത്തിന് അപമാനകരമാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും വീണ്ടും കടമെടുക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. നികുതി പിരിവും ചെലവ് ചുരുക്കലും പരാജയപ്പെടുകയും റവന്യൂ-ധന കമ്മികൾ കൂടി വരികയുമാണ്. വൻകിടക്കാരിൽനിന്ന് നികുതി പിരിക്കാതെ ചെറുകിടക്കാരെ ബുദ്ധിമുട്ടിക്കുന്ന സമീപനവും അശാസ്ത്രീയമായ കെട്ടിട നികുതി പരിഷ്കാരവും ലൈഫ് പദ്ധതി അട്ടിമറിച്ചതും അപലപനീയമാണ്. മുൻ വർഷത്തെ ആസ്തി വികസന ഫണ്ട് പ്രകാരം ഹൈമാസ്റ്റ് ലൈറ്റ് അനുവദിക്കുന്നതിന് ഭരണാനുമതി നൽകാനുള്ള നടപടി ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. സി. കെ. നാണു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിപ വൈറസ് ബാധ നേരിടാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിനും വിദ്യാഭ്യാസ മേഖലയിൽ അഭിമാനകരമായ പുരോഗതിയുണ്ടാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കൂടുതൽ

കുട്ടികളെ ആകർഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ കൂടുതൽ തുറമുഖങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ജലസേചന രംഗത്തും ഇന്ത്യയ്ക്ക് മാതൃകയാകുന്ന തരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃത്യമായ ലക്ഷ്യബോധത്തോടെയും ഇച്ഛാശക്തിയോടെയും അഴിമതിരഹിതമായ സുതാര്യ ഭരണം കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ പണി പൂർത്തിയാകാതെ കിടന്നിരുന്ന 2000 വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ആസൂത്രണം ചെയ്തുവരുന്നത്. നവകേരള മിഷനിലൂടെ വിവിധ പദ്ധതികൾ കോർത്തിണക്കുന്നതിനും ഹരിത കേരളം മിഷനിലൂടെ 35,000-ത്തോളം ഏക്കർ തരിശുപാടത്ത് കൃഷിയിറക്കുന്നതിനും മണ്ണിനെ ജലസമൃദ്ധമാക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനും സാധിച്ചിട്ടുണ്ട്. ആർദ്രം മിഷനിലൂടെ ആരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റമുണ്ടാക്കിയിട്ടുണ്ട്. എല്ലാ മണ്ഡലങ്ങളിലെയും ഓരോ

പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ഗവൺമെന്റ് ആശുപത്രികളിലെ ഒ.പി. സമയം വൈകിട്ട് 6.00 മണി വരെയാക്കി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല-താലൂക്ക്-ജനറൽ ആശുപത്രികളിൽ വലിയ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നടത്തിവരുന്നത്. എട്ട് ആശുപത്രികളിൽ പുതുതായി കാത്ത്‌ലാബും എല്ലാ ജില്ലകളിലെയും ജില്ലാ ആശുപത്രികളിലോ ഒരു ജനറൽ ആശുപത്രിയിലോ സ്ട്രോക്ക് സ്റ്റെബിലൈസേഷൻ യൂണിറ്റും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ മേഖലയിൽ വലിയതോതിലുള്ള ഇടപെടൽ നടത്തുകയും സംസ്ഥാനത്ത് വനിതാ-ശിശുക്ഷേമ വകുപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ രാജ്യത്ത് രണ്ടാം സ്ഥാനമുള്ള കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്ക് ചെലവഴിക്കപ്പെടുന്ന തുക ജൻഡർ ബഡ്ജറ്റിംഗിലൂടെ അവലോകനം ചെയ്യപ്പെടുന്നുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി ജനസംഖ്യാനുപാതികമായി ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുന്ന ഏക സംസ്ഥാനം കേരളമാണ്. ദേശീയപാതാ വികസനത്തിലും ജലപാത നിർമ്മിക്കുന്നതിലും ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

ഡോ. എൻ. ജയരാജ്: സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും പൊതുവിഭവ

സമാഹരണത്തിലുള്ള പാളിച്ച പരിശോധിക്കുന്നതിനും സർക്കാർ തയ്യാറാകണം. സംസ്ഥാന വരുമാനത്തിന്റെ വലിയ പങ്ക് ശമ്പളവും പെൻഷനും മറ്റുമായി ചെലവഴിക്കുന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത അവസ്ഥ പരിഹരിക്കപ്പെടണം. സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ഏകോപിപ്പിച്ചും ധനകാര്യ പരിശോധനാ വിഭാഗം കാര്യക്ഷമമാക്കിയും ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തിയും ചെലവുകൾ കുറയ്ക്കുന്നതിന് ധനകാര്യ വകുപ്പ് തയ്യാറാകണം.

ശ്രീ. ജെയിംസ് മാത്യു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ കൃത്യമായി നടപ്പാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വസ്തുനിഷ്ഠമായി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിൽ പ്രതിപക്ഷം പരാജയപ്പെട്ടിരിക്കുകയാണ്. പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരെ നിയന്ത്രിക്കുന്നതിന് മുൻ യു.ഡി.എഫ്. സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. വരാപ്പുഴ കസ്റ്റഡി മരണത്തിലടക്കം കുറ്റവാളികൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്ന സമീപനമാണ് ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്നത്. ജനങ്ങൾക്ക് സംരക്ഷണവും പ്രതീക്ഷയും നൽകുന്ന ഇച്ഛാശക്തിയുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളെ ചില ന്യൂസ് ചാനലുകളുടെ സഹായത്തോടെ അട്ടിമറിക്കുന്നതിനുള്ള പ്രതിപക്ഷ ശ്രമം പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ്സുകൾ വാങ്ങുന്നതിലുണ്ടാകുന്ന സാങ്കേതികത്വവും കാലതാമസവും ഒഴിവാക്കുന്നതിനും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ഓർഫനേജുകൾക്കുള്ള ഗ്രാന്റ് അടിയന്തരമായി നൽകുന്നതിനും നടപടി സ്വീകരിക്കണം. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും മലപ്പുറം ഗവൺമെന്റ് വിമൻസ് കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനും തയ്യാറാകണം. ഭരണത്തുകർച്ചയുടെ രണ്ടാം വാർഷികമാണ് ഈ ഗവൺമെന്റ് ആഘോഷിക്കുന്നത്. പോലീസ് വകുപ്പിന്റെ പ്രവർത്തനം വളരെ പരിതാപകരമാണ്. എല്ലാരംഗത്തും വീഴ്ചകളാണ് ഗവൺമെന്റിനുണ്ടായിക്കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ കെടുകാര്യസ്ഥത കൊണ്ട് സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി അവതാളത്തിലായിരിക്കുകയാണ്. ലൈഫ് പദ്ധതിയിലൂടെ അഞ്ച് ലക്ഷം പേർക്ക് വീട് നിർമ്മിച്ച് കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും എത്ര പേർക്ക് വീട് വച്ചുകൊടുത്തു എന്നുള്ളതിന് കണക്കില്ല. ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കാനോ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കാനോ ഗവൺമെന്റിന് സാധിച്ചിട്ടില്ല.

ശ്രീ. രാജു എബ്രഹാം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ വർഷം രണ്ട് ലക്ഷത്തിലധികം കുട്ടികൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക്

കടന്നുവന്നിരിക്കുന്നുവെന്നാണ് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്. ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ കഴിഞ്ഞതും സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് പാഠപുസ്തകങ്ങളും സൗജന്യ യൂണിഫോമും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ സാധിച്ചതും സ്വാഗതാർഹമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് 393 കോടി രൂപയാണ് പാവപ്പെട്ട ആളുകൾക്ക് കൊടുക്കാൻ സാധിച്ചത്. രാജ്യത്തെ പത്ത് മികച്ച പോലീസ് സ്റ്റേഷനുകളിൽ ഒന്നായി വളപട്ടണം പോലീസ് സ്റ്റേഷൻ ഉയർത്തപ്പെടുകയും സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ രണ്ടാം സ്ഥാനവും സൈബർ കുറ്റാന്വേഷണത്തിൽ ഒന്നാം സ്ഥാനവും കേരളം നേടുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് പദ്ധതി രാജ്യമാകെ വ്യാപിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. മികച്ച കൺസ്യൂമർ ട്രാവൽ ബ്രോഷർ ഫിലിം അവാർഡും ബാക്ക് വാട്ടർ ആയുർവ്വേദ വിഭാഗത്തിനുള്ള 2017-ലെ ടൂറിസം അവാർഡും സംസ്ഥാനത്തിനാണ് ലഭിച്ചത്. മാതൃമരണ നിരക്കും ജനന/മരണ നിരക്കും ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. പോലീസ് എക്സലൻസ് അവാർഡും ക്രമസമാധാന പരിപാലനത്തിനുള്ള ഇന്ത്യാ ടുഡേ അവാർഡും അഴിമതി കുറവുള്ള സംസ്ഥാനമെന്ന പദവിയും കേരളത്തിനാണ് ലഭിച്ചിരിക്കുന്നത്. നഴ്സുമാർക്ക് മിനിമം വേതനം പ്രഖ്യാപിക്കുന്നതിനും നഷ്ടത്തിലായിരുന്ന 14 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനും വരട്ടാർ നദി പുനരുജ്ജീവിപ്പിക്കുന്നതിനും സാധിച്ചു. അംഗൻവാടി ടീച്ചർമാർ,

ആശാ വർക്കർമാർ, സാക്ഷരതാ പ്രേരക്മാർ എന്നിവരുടെ ശമ്പളം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുകയും നിപാ വൈറസ് ബാധ സമയബന്ധിതമായി നിയന്ത്രിക്കുകയും ചെയ്തു. സുസ്ഥിര മാനേജ്മെന്റിലൂടെ മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്.

ശ്രീ. പി. സി. ജോർജ്: അനിയന്ത്രിതമായി ഡയറികൾ അച്ചടിക്കുന്നത് ഒഴിവാക്കി പ്രിന്റിംഗ് ചെലവ് കുറയ്ക്കുന്നതിനും പബ്ലിക് റിലേഷൻസ് വകുപ്പിലെ റോണിയോ ഓപ്പറേറ്റർ തസ്തിക നിർത്തലാക്കുന്നതിനും നടപടി സ്വീകരിക്കണം. ചെല്ലാനം മത്സ്യത്തൊഴിലാളി മേഖലിൽ കടൽഭിത്തി കെട്ടുന്നതിനും പുലിമുട്ട് നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രണ്ട് വർഷത്തെ ഭരണംകൊണ്ട് എൽ.ഡി.എഫ്. സർക്കാരിന് വിദ്യാഭ്യാസ മേഖലയിൽ ശക്തമായ അടിത്തറ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. കേരളം വിദ്യാഭ്യാസ രംഗത്ത് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കിഫ്ബിയെ എതിർത്തിരുന്ന പ്രതിപക്ഷം അതിനെ അനുകൂലിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കക്ഷിരാഷ്ട്രീയത്തിനുപരിയായി മതേതര ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രചരണമാണ് എൽ.ഡി.എഫ്.-നെ ചെങ്ങന്നൂരിൽ വിജയിക്കാൻ സഹായിച്ചത്.

<u>ശ്രീ. എസ്. ശർമ്മ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ട് വർഷത്തെ ഭരണ മികവിന്റെ ഉത്തമ ഉദാഹരണമാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് ഫലം. ലോക്കപ്പ് മർദ്ദനങ്ങൾക്കും കസ്റ്റഡി മരണങ്ങൾക്കും ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സ് രജിസ്റ്റർ ചെയ്തതിനു പുറമെ വരാപ്പുഴയിലെ ശ്രീജിത്തിന്റെ കുടുംബത്തെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടിയും അഭിനന്ദനമർഹിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വർദ്ധിച്ച റവന്യൂക്കമ്മിയും ധനക്കമ്മിയുംമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായിക്കൊണ്ടിരിക്കുകയാണ്. ജി.എസ്.ടി.-യുടെ കാര്യത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെയും റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ അഞ്ച് വർഷത്തെ ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്കാണ് ഇപ്പോൾ രേഖപ്പെടുത്തിയിരിക്കുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആഡംബര വാഹനങ്ങൾ വാങ്ങി ഖജനാവിലെ പണം ധൂർത്തടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ചെങ്ങന്നൂരിൽ വിജയിക്കാൻ എൽ.ഡി.എഫ്. മത-സാമുദായിക സംഘടനകളുടെ സഹായം തേടിയത് ലജ്ജാകരമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ

ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഖജനാവിൽനിന്നുള്ള അധികച്ചെലവ്, ക്ഷേമ പെൻഷനുകളുടെ സാധൂകരിക്കൽ, എൻ.സി.ഡി.സി. ഫണ്ട് കൈമാറ്റം എന്നിവ ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുന്നു. ഈ വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കും ലൈഫ് പദ്ധതിയുടെ വായ്പാ പലിശ, കിഫ്ബി പ്രോജക്ടുകളുടെ കൺസൾട്ടൻസി ചാർജ്ജ്, മിഡ് ഡേ മീൽ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്കാണ് സംസ്ഥാന ഖജനാവിൽനിന്നും അധികച്ചെലവ് വേണ്ടിവരുന്നത്. സർക്കാർ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2000 കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ കണക്ഷൻ നൽകുന്ന പദ്ധതിയും ഇന്നവേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമും ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കയർ, കശുവണ്ടി, മത്സ്യബന്ധന മേഖലകളിലെ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനും തീരദേശത്ത് സമഗ്ര പരിപാടി ആവിഷ്കരിക്കുന്നതിനുമായി കെ.പി.എം.ജി.-യെ ചുമതലപ്പെടുത്തുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി ബോർഡിന് രൂപം നൽകുന്നതിനും വിവിധ ക്ഷേമനിധികളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും വീഡിയോ

കോൺഫറൻസിംഗ് സംവിധാനം പ്രയോജനപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന അധിക ജീവനക്കാരെ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ക്ഷേമ പെൻഷനുകൾ അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും പെൻഷനുകൾക്ക് പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്സൈറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജൂലൈ മാസത്തിൽ ആരംഭിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ലൈഫ് മിഷനിലൂടെ 40000-ൽപ്പരം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. കേന്ദ്ര-സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടാണ് ലൈഫ് പദ്ധതി നടപ്പാക്കുന്നത്. 2.6 ലക്ഷം ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനുള്ള പണം ഹഡ്കോ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ ഏറ്റവും വലിയ വികസന വിജയങ്ങളിലൊന്നായി ലൈഫ് പദ്ധതി മാറുന്നതാണ്. സ്കൂൾ അനുവദിക്കുന്നതിലും കോളേജ് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിലും നോംസ് അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ലൈറ്റ് മെട്രോ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ലെങ്കിലും അനുബന്ധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുന്നുണ്ട്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട്

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കിഴക്കൻ തീരദേശത്ത് വീടുകൾ നഷ്ടപ്പെട്ടവർക്ക് മേയ്-ജൂൺ മാസങ്ങളിൽ 10 ലക്ഷം രൂപ നൽകുന്നതാണ്. കടൽക്ഷോഭമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, ഇറിഗേഷൻ വകുപ്പുകൾ ചേർന്ന് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതാണ്. ജനോപകാരപ്രദമായ വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 21-നെതിരെ 78 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കി.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന

XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 21-നെതിരെ 79 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.)

സഭ ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.